# പോലീസ് വകുപ്പ്

# കേരളം

**No. B1-942/2021/W**

ജില്ലാ പോലീസ് ഓഫീസ്,
വയനാട്
spwynd.pol@kerala.gov.in
04936202525
തീയതി. 20-06-2022

**ലേലപരസ്യം**

മാനന്തവാടി ജില്ലാ ആശുപത്രിക്ക് സമീപം പോലീസ് ഡിപ്പാർട്ട്മെൻറ് സ്ഥലത്തു ഉണങ്ങി നിന്നിരുന്നതായ മുറിച്ച് മാറ്റപ്പെട്ട മഴമരം '14/07/2022 തീയതി ഉച്ചക്ക് ശേഷം 2.30 മണിക്ക് ' ലേലം ചെയ്ത് വിൽക്കുന്നതാണ്.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല സ്ഥലത്തു നിശ്ചിത സമയത്ത് (14/07/2022 ന - ഉച്ചക്ക് ശേഷം 2.30 മണിക്ക് ) നേരിട്ട് ഹാജരാകേണ്ടതും താഴെക്കാണുന്ന പ്രകാരം നിരത ദ്രവ്യം ലേലം തുടങ്ങുന്നതിന് 'അര മണിക്കൂർ' മുൻപായി സായുധസേനാ അസിസ്റ്റൻറ് കമാണ്ടൻറ് (I/C) മുൻപാകെ കെട്ടി വയ്ക്കേണ്ടതുമാണ്.

**വില നിർണ്ണയ റിപ്പോർട്ട്**

| ര.നം | ഇനം | തടിയുടെ നീളം ( in cm) | തടിയുടെ വണ്ണം ( in cm) | തടിയുടെ വ്യാപ്തം ( in m3) | നിരത ദ്രവ്യം |
|---|---|---|---|---|---|
| 1 | മഴമരം | 600 | 130 | 0.633 | 480 |
| 2 | മഴമരം | 400 | 140 | 0.490 | |
| 3 | മഴമരം | 650 | 110 | 0.492 | |

ലേലത്തിൽ പരാജയപ്പെടുന്നവർക്ക് ലേലം കഴിഞ്ഞ ഉടൽ തന്നെ നിരത ദ്രവ്യം തിരിച്ചു നൽകുന്നതായിരിക്കും. ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തി കിട്ടിയ വ്യക്തി നിരത ദ്രവ്യം ഒഴിച്ചുള്ള ലേലത്തുകയും '5 % 'ഫോറസ്റ്റ് ഡെവലപ്മെൻറ് ചാർജ്, '18% ജി എസ് ഡി 'എന്നിവയും ചേർത്ത് ലേല സ്ഥലത്തു വച്ച് ലേല ബോർഡ് ചെയർമാൻ വശം (സായുധസേനാ അസിസ്റ്റൻറ് കമാണ്ടൻറ് (I/C)) അടച്ച രസീത് വാങ്ങേണ്ടതാണ്.(വിറകിന് GST ബാധകമല്ല.)

ലേലം സ്ഥിരപ്പെടുത്തുന്നതിനുള്ള അറിയിപ്പ് ഈ കാര്യാലയത്തിൽ നിന്നും ലഭിച്ചുകഴിഞ്ഞാൽ എത്രയും പെട്ടെന്ന് ലേലം കൊണ്ടായാൾ 'മാനന്തവാടി പോലീസ് സ്റ്റേഷൻ പരിസരത്ത് നിന്നും സ്വന്തം ചെലവിൽ മരം നീക്കം ചെയ്യേണ്ടതാണ്. എന്നാൽ ഈ വ്യവസ്ഥ പാലിക്കാത്ത പക്ഷം ലേലം കൈക്കൊണ്ടയാൾ അടച്ച നിരത ദ്രവ്യം ഉൾപ്പെടെ അതുവരെ അടച്ച മൊത്തം തുകയും സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും, ടി മരങ്ങൾ പുനർ ലേലം ചെയ്യുന്നതുമായിരിക്കും. അപ്രകാരം നടത്തുന്ന പുന:ർ ലേലത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടം മുൻ ലേലക്കാരിൽ നിന്നും ഈടാക്കുന്നതും, മറിച്ച് കൂടുതലായി ലേലത്തുക ലഭിക്കുകയാണെങ്കിൽ ടി അധിക തുകയിൽ മുൻ ലേലം കൊണ്ടായാൾക്ക് യാതൊരു വിധ അവകാശമോ, അർഹതയോ ഉണ്ടായിരിക്കുന്നതുമല്ല.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല തീയതിക്ക് മുൻപുള്ള പ്രവർത്തി ദിവസങ്ങളിൽ 'രാവിലെ 11 മണി മുതൽ 4 മണി വരെ' യുള്ള സമയങ്ങളിൽ മേൽ പട്ടികയിൽ പറഞ്ഞിട്ടുള്ള മരങ്ങൾ 'മാനന്തവാടി പോലീസ് സ്റ്റേഷൻ ഹൌസ് ഓഫീസറുടെ അനുമതിയോടെ പരിശോധിക്കാവുന്നതാണ്. യാതൊരു മുന്നറിയിപ്പും കൂടാതെ ലേലം മാറ്റി വയ്ക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം 'ജില്ലാ സായുധ സേനാ മേധാവിയിൽ' നിക്ഷിപ്തമായിരിക്കും. ലേലം സംബന്ധിച്ച എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമായിരിക്കും.

ഡോ അരവിന്ദ് സുകുമാർ ഐ പി എസ്
ജില്ലാ പോലീസ് മേധാവി

| | | |
|---|---|---|
| സ്വീകർത്താവ് | : | 1. ബോർഡ് ചെയർമാൻറേയും, എല്ലാ അംഗങ്ങളുടെയും അറിവിലേയ്ക്കും, അനന്തര നടപടികൾക്കുമായി. 2. ക്യാഷ്യർ DPO വയനാട്, അറിവിലേയ്ക്കായി. |
| പകർപ്പ് | : | 1. എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും,ബറ്റാലിയൻ കമാണ്ടന്റുമാർക്കും, അറിവിലേയ്ക്കും, വേണ്ടത്ര പ്രചാരണം നൽകുന്നതിനുമായി അയക്കുന്നു. 2. ഡയറക്ടർ ഓഫ് പബ്ലിക്ക് റിലേഷൻസ് തിരുവനന്തപുരം. 3. ഫോറസ്റ്റ് റെയിഞ്ച് ഓഫീസർ മാനന്തവാടി. 4. ഇൻഫർമേഷൻ ഓഫീസർ, വയനാട്, കൽപ്പറ്റ.( മുഖപത്രത്തോടെ). 5. സെക്രട്ടറി , വയനാട് ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി അറിവിലേയ്ക്കായി. 6. കമാണ്ടൻറ്, DHQ വയനാട്. 7. എല്ലാ SHO മാർക്കും. 8. SHO മാനന്തവാടി സർക്കാർ ഉത്തരവ് പ്രകാരം മുറിച്ചുമാറ്റുന്ന മരങ്ങൾക്ക് പകരം പത്തിരട്ടി തദ്ദേശീയ ഇനം മരങ്ങൾ ടി സ്ഥലത്തോ അനുയോജ്യമായ പരിസര പ്രദേശത്തോ, വച്ചുപിടിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ആയത് ശരിയാംവിധം പരിപാലിക്കേണ്ടതുമാണ്. |

Internal Administrative Processing System iAPS KERALA POLICE